ഊഴൻ, ഊഷൻ-പ്ര. ദോഷൻ. വ. രാജഭൃത്യൻ.

ഊഴത്വം, ഊഷത്വം-പ്ര. ദോഷത്വം. വ. മൂഢത. ന. നാണം.

ഊഴം-പ്ര. മുറ, സമയം, വട്ടം, കുറി. വ. പരിചയം. ഉ-ം, ഈ പണിക്ക് അവനു ഊഴമുണ്ട്.

ഊഴംകൂറ്റുക-രാജാക്കന്മാർക്ക് അരികത്തിക്കൊടുക്കുക.

ഊഴമിടുക-മുറയിട്ടു പണിചെയ്ക.

ഊഴൽ-പ്ര. അഴുക്ക്, ദുഷ്ട്, കല്മഷം. വ. ചൂളം.

ഊഴലിടുക-ചൂളമിടുക.

ഊഴി, ഊഴിമണ്ഡലം-ഭൂമി, ഭൂതലം.

ഊഴിയക്കാരൻ-വേലക്കാരൻ.

ഊഴിയം-ശുശ്രൂഷ, വേല, സേവ.

ഊഴിയംനടത്തുക-പ്ര. വേലചെയ്ക. വ. (വ്യംഗ്യാർത്ഥം) ഫലം വല്ലവിധവും വരട്ടെ എന്നുള്ള ഉദ്ദേശ്യത്തോടുകൂടി താൻ ചെയ്യേണ്ടതു ചെയ്യുക.

ഊഴിയവേല- ചൊല്ലുവേല, അടിമവേല.

ഊറ, ഊറൽ-മട്ട്.

ഊറക്കാടി-അരി കഴുകിയ വെള്ളത്തിലെ ഊറൽ=കാടി.

ഊറയിടുക-മയംവരുത്തുക.

ഊറയ്ക്കിടുക-മയംവരുത്തുക.

ഊറാമ്പുലി-എട്ടുകാലി. ചില ദിക്കിൽ ക്രാംപുചി എന്നു പറയുന്നു. [വിഷച്ചിലന്തി.]

ഊറുക-പ്ര. മട്ടാകുക. വ. ജലം പതച്ചു വരുക.

ഊറാ-പ്ര. മട്ട്. വ. അരിപ്പു. ന. ഒഴിക്ക. ര. അഴുക്ക്. ഒ വാറൽ.

ഊറ്റം-പ്ര. ബലം, ശക്തി. വ. വലിപ്പം. ന. സ്തുതി.

ഊറ്റവാക്ക്-പ്ര. വലിപ്പംപറക. വ. തീക്ഷ്ണവാക്ക്. ന. മുഖസ്തുതി.

ഊറ്റവെള്ളം-പ്ര. കഞ്ഞി. വ. കാടി.

ഊറ്റ്-ഉറവ്. [ഉറവു എന്ന ശബ്ദം നോക്കുക].

ഊറ്റുക-പ്ര. വാറ്റുക. വ. അരിക്കുക. ന. ഒഴിക്കുക.

ഊറ്റുകുഴി-ഉറവുകുഴി.

# ഋ

ഋ- ഒരു സ്വരാക്ഷരം. (ഋമൂർദ്ധന്യം) ഇരു, ഇരി (തത്ഭവം). വൃത്തി=വിരുത്തി. ഗൃഹം=കിരിയം.

ഋ-ൠ. എന്ന രണ്ടു സ്വരം ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകുന്നു. ദ്രാവിഡത്തിലില്ലാത്ത സ്വരമാകയാൽ ശുദ്ധമലയാളപദങ്ങളിൽ ഋകാരം കാണാൻ ഇടയില്ല. എന്നാൽ സംസ്കൃതപദങ്ങളിലെ ആവശ്യത്തിനു വേണ്ടി ഋകാരം സ്വീകരിച്ചതിന്റെ ശേഷം അതിനെ ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്. തൃപ്പാദം, തൃക്കട്ട, അതൃത്തി, മൃതുന്നു. ഇതിൽ തൃപ്പാദം ഇത്യാദികളിലെ 'തൃ'മാത്രം സമ്മതിക്കാം. അതൃത്തി, മൃതുന്നു ഇത്യാദികളെ 'അതിർത്തി, മുതിർന്ന്' ഇത്യാദിയായിത്തന്നെ എഴുതേണ്ടതാണ്]. (കേരളപാണിനീയം.)

ഋകാരം-ഋ എന്ന അക്ഷരം.

ഋക്ക്-പ്ര വേദങ്ങളിൽ ഒന്ന്. ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. വ. അഗ്നിയെ ജ്വലിപ്പിക്കാൻ ചൊല്ലുന്ന ഋക്ക്.

ഋക്ണ-വി. മുറിവുപെട്ട, ഉപദ്രവപ്പെട്ട.

ഋക്ഥം-പ്ര. ധനം. പ്രസിദ്ധിയെ ഉണ്ടാക്കുന്നത് എന്നർത്ഥം. വ. പൊന്ന്.

ഋക്ഥാദാനൻ- അവകാശി.

ഋക്ഷഗന്ധാ-മറിക്കുന്നി. ഋക്ഷത്തിന്റെ (കരടിക്കരങ്ങിന്റെ) ഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതു് എന്നർത്ഥം. ചൊത്തിച്ചീര എന്നും അഭിപ്രായമുണ്ടു്. ഋശ്യഗന്ധം, ഋഷ്യഗന്ധാ ഇങ്ങിനെ പാഠാന്തരം.

ഋക്ഷഗന്ധികാ-വെളുത്ത മുത്(ത്തു)ക്കു് (പാൽമുത(ത്തു)ക്കു്) കരടിയെപ്പോലെ ക്രൂരങ്ങളായ പിത്താദിരോഗങ്ങളെ ശമിപ്പിക്കുന്നതു് എന്നർത്ഥം.

ഋക്ഷചക്രം-നക്ഷത്രങ്ങൾ വൃത്താകാരത്തിൽ നില്ക്കുക.

ഋക്ഷൻ-ചന്ദ്രവംശത്തിൽ നൃപൻ എന്ന രാജാവിനു വാമാദേവിയിൽ ഉണ്ടായ പുത്രൻ.

ഋക്ഷനാഥൻ-പു. ചന്ദ്രൻ. ൨. ഈശ്വരൻ. ൩. ജാംബവാൻ.

ഋക്ഷനേമി-വിഷ്ണു.

ഋക്ഷാ-വടക്കു്.

ഋക്ഷം-പു. നക്ഷത്രം. സഞ്ചരിക്കുന്നതു്, ഇരുട്ടിനെ കളയുന്നതു്. ൨. പലകപ്പയ്യാന്, ശമനശീലം എന്നർത്ഥം. ൩. കരടി. ഹിംസിക്കുന്നതു് എന്നർത്ഥം. ൪. ഒരു മരം

ഋക്ഷരൻ-ഋത്വിക്കു്.

ഋക്ഷരാജൻ-ചന്ദ്രൻ. ൨. ജാംബവാൻ

ഋക്ഷരാ, ഋക്ഷരം-ഒഴുക്കു്.

ഋക്ഷി-പെൺകരടി.

ഋക്ഷികാ-ദേവി.

ഋക്ഷേശൻ-പു. ചന്ദ്രൻ. ൨. കർപ്പൂരം.

ഋഗ്വേദാ-ഒന്നാമത്തെ വേദം.

[ഇതു് പ്രധാനവേദമാണു്. അഷ്ടകങ്ങൾ ൮. ഓരോന്നിൽ ൮ അദ്ധ്യായം വീതം. സായനാചാര്യൻ മുതലായവർ ഇതിനു വിശേഷമായ ഓരോ വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടു്. ഋഗ്വേദം ലോകത്തിൽ അത്യധികം പഴക്കമുള്ളതാണു് ഋഗ്വേദം അഗ്നിയിൽ നിന്നു ഉണ്ടായി എന്നു പറയപ്പെടുന്നു.]

ഋഗ്വേദസംഹിത-ഒരു ഗ്രന്ഥം.

[സിന്ധുനദി കടന്നു പഞ്ചനദത്തെ ആര്യന്മാർ അധിവസിച്ചതായ വൈദികകാലത്തെ കൃതികളിൽ ഒന്നാണു് 'ഋഗ്വേദസംഹിത'. ഇതു വൈദികകാലത്തുണ്ടായിരുന്ന പരിഷ്കാരത്തെ തെളിയിക്കുന്നു.]

ഋഗ്വേദി-ഋഗ്വേദം പഠിച്ചവൻ.

ഋചീകൻ-ഒരു ഋഷി. ജമദഗ്നിയുടെ അച്ഛൻ, വിശ്വാമിത്രന്റെ സഹോദരിയായ സത്യവതിയുടെ ഭർത്താവു്, ഊർവ്വന്റെ പുത്രൻ.

[സത്യവതി എന്ന ഒരു ക്ഷത്രിയയുവതിയെ ഋചീകൻ എന്ന ബ്രാഹ്മണൻ കല്യാണം കഴിച്ചു. ബ്രാഹ്മണഗുണങ്ങളോടുകൂടിയ പുത്രനെ ഉല്പാദനം ചെയ്യുന്നതായ ഒരു ആഹാരവിശേഷം തന്റെ ഭാര്യക്കും, ക്ഷാത്രഗുണങ്ങളോടുകൂടിയ പുത്രനെ ജനിപ്പിക്കുന്നതായ ഭോജനം ഒരു ക്ഷത്രിയന്റെ പത്നിയായ തന്റെ ശ്വശ്രൂവിനും ഋചീകൻ പാകം ചെയ്തു കൊടുത്തു. പക്ഷെ ഭക്ഷണദ്രവ്യങ്ങൾ ഇവരറിയാതെ മാറിയതിനാൽ ക്ഷത്രിയഭാര്യയ്ക്കു് ഗർഭം ധരിച്ചു ബ്രാഹ്മണശീലത്തോടുകൂടിയ വിശ്വാമിത്രനെയും സത്യവതി ക്ഷാത്രവീര്യത്തോടുകൂടിയ ജമദഗ്നിയെയും പ്രസവിച്ചു. ഈ ജമദഗ്നിയുടെ പുത്രനായ പരശുരാമൻ ബ്രാഹ്മണനായിരുന്നുവെങ്കിലും വിക്രമനും വിനാശകാരിയുമായ ഒരു യോദ്ധാവായിത്തീർന്നു. ഈവക കഥകൾ വൈദികഋഷികളുടെ ഇടയിൽ ജാതിഭേദം ഉണ്ടായിരുന്നു എന്നതിനെ സാധുവാക്കാൻ വേണ്ടി നവീനകവികൾ ഉണ്ടാക്കീട്ടുള്ളവയാകുന്നു. "പ്രാചീനാര്യാവർത്തം".]

ഋചീകാ-പു. അട വറക്കുന്ന കലം. ൨. ഒരു രാജ്യം.

ഋച്ഛകാ-ആഗ്രഹം.

ഋച്ഛരാ-൧. വിലങ്ങ്. ൨. വ്യഭിചാരിണി. [വേദത്തിൽ പ്രയോഗം.]

ഋജീക-വി. നാനാവൎണ്ണമായ.

ഋജീകൻ-ഇന്ദ്രൻ.

ഋജീകം-൧. പുക. ൨. ഒരു പൎവ്വതം.

ഋജീഷം, ഋചീഷം-൧. അടവറക്കുന്ന കലം (പാത്രം). അപൂപാദിയെ സമ്പാദിക്കുന്നത് എന്നൎത്ഥം. ൨. നരകം.

ഋജു-വി. ൧. ചൊവ്വുള്ള, വളവോടുകൂടാത്ത. ആദരണ സമ്പാദിക്കപ്പെടുന്ന എന്നൎത്ഥം. ൨. സത്യമുള്ള.

ഋജുകണ്ടകം-ഇലന്ത.

ഋജുഗതി-നേരെയുള്ള പോക്ക്.

ഋജുത-൧. ചൊവ്വ്. ൨. സത്യം. ഋജുത ⊳ ⊲ വക്രത.

ഋജുപ്രായം-ചൊവ്വുള്ളത്.

ഋജുലംബി-തോരണമാല.

ഋണഗ്രഹം-കടം വാങ്ങുക.

ഋണത്രയം-ഋഷികൾക്കുള്ള കടം, സുരന്മാൎക്കുള്ള കടം, പിതൃക്കൾക്കുള്ള കടം ഇവ മൂന്നും. ഒന്നാമത്തെകടം ബ്രഹ്മചൎയ്യം കൊണ്ടും, രണ്ടാമത്തേതു യാഗം കൊണ്ടും, മൂന്നാമത്തേതു പുത്രലാഭം കൊണ്ടും തീൎക്കുന്നു.

ഋണദാതാവ്-കടം കൊടുക്കുന്നവൻ.

ഋണപ്പെടുക-കടം പെടുക

ഋണപ്പെടുത്തുക-കടപ്പെടുത്തുക.

ഋണം-൧. കടം. കാലാന്തരത്തിൽ മടങ്ങിവരുന്നു. മറുപൎയ്യായങ്ങൾ-പൎയ്യുദഞ്ചനം, ഉദ്ധാരം. ൨. കോട്ട. ൩. ജലം. ൪. ഭൂമി.

ഋണമുക്തി, ഋണമോചനം-കടം വീട്ടുക.

ഋണവത്ത്-വി. കടപ്പെട്ട. [പു.-വാൻ. സ്ത്രീ.-വതി.]

ഋണാനുബന്ധം-കടംകൊണ്ടുള്ള സംബന്ധം.

ഋണാദാനം-കടംകൊടുത്തതു തിരിയെ വാങ്ങുക.

ഋണികൻ-കടം കൊണ്ടവൻ

ഋണീയാ-കൃപ.

ഋത-വി. ൧. പോയ. ൨. പ്രകാശമുള്ള. ൩. വന്ദിക്കപ്പെട്ട.

ഋതം-൧. സത്യം. ജനങ്ങൾ പ്രശംസിക്കനിമിത്തം ലോകത്തിൽ പ്രസിദ്ധമായിത്തീരുന്നത് എന്നൎത്ഥം. ൨. ഉരുമണി പെറുക്കുക. [ഉഞ്ഛം എന്നതു നോക്കുക.] ൩. വെള്ളം. ൪. ഇരുവേലി.

ഋതംഭരൻ-൧. ഈശ്വരൻ. ൨. സത്യം ഭരിക്കുന്നവൻ.

ഋതി-൧. ഭാഗ്യം. ൨. ഗമനം. ൩. വഴി ൪. സ്നേഹം. ൫. ശകാരം, കലശൽ. ൬. ഓൎമ്മ. ൭. ഭാഗ്യക്കേട്. ൮. രക്ഷ.

ഋതീയാ-൧. ലജ്ജ. ൨. രോഷം. ൩. കൃപ. ൪. ഭയം.

ഋതു-൧. മാഘാദികളായ മാസങ്ങളിൽ ഈരണ്ടു കൂടിയാൽ വരുന്ന കാലം. ഗമിക്കുന്നത്. [ദ്വൌദ്വൌമാഘാദിമാസൌസ്യാദൃതുരിത്യുച്യതേ = മാഘംമുതലായ ഈരണ്ടുമാസങ്ങൾ കൂടിയകാലം 'ഋതു' എന്നു പറയപ്പെടുന്നു.]

[മകം നക്ഷത്രത്തോടുകൂടിയ വെളുത്തവാവു യാതൊരു മാസത്തിങ്കൽ വരുന്നുവോ അതിനെ മാഘമാസം എന്നാക. മേൽവിവരിച്ചപ്രകാരമുണ്ടാകുന്ന ഋതുക്കൾക്ക ശിശിരം, വസന്തം, ഗ്രീഷ്മം, വൎഷം, ശരത്ത്, ഹേമന്തം ഇങ്ങിനെ പേർപറയപ്പെടുന്നു.]

൨. സ്ത്രീരജസ്സ്, തീണ്ടായിരി. ഗമിക്കുന്നത് എന്നൎത്ഥം. ൩. ആറ് എന്ന സംഖ്യ. ൪. പ്രകാശം. ൫. സന്തോഷം. ൬. മാസം. ൭. വിഷ്ണു. ൮. ഒരുമാതിരി അന്നം, മതി.

ഋതുകാലം-൧. മേടമാസം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ൨. തീണ്ടായിരിക്കുന്ന (തിരളുന്ന) സമയം.

ഋതുപർണ്ണൻ-ഒരു അയോദ്ധ്യാരാജാവ്, സർവ്വകാമന്റെ പുത്രൻ. ചൂതുകളിയിൽ സമർത്ഥനാണ്.

[നളൻ വേഷംമാറി ഇദ്ദേഹത്തിന്റെ പുരിയിൽ (കോസലത്തിൽ) ആണു താമസിച്ചത്. മറ്റൊക്കെ നളചരിതംകൊണ്ടു ഗ്രഹിക്കാം. ഋതുപർണ്ണശബ്ദത്തിന് ഋതുക്കളുടെ ജാതിയിൽ പ്രധാനിയായ വസന്തമെന്നും അർത്ഥമുണ്ട്. ഭാഷയിലൊക്കെയും ഋതുവർണ്ണൻ എന്നുതന്നെയാണു കാണുന്നത്. ഭാഗവതത്തിൽ 'ദിവിദൻ' വിവിദനും, 'ഊഷ' ഉഷയും ആയിപ്പോയതുപോലെ ഋതുപർണ്ണൻ ഋതുവർണ്ണനാകുന്നതിനു വിരോധം കാണുന്നില്ല.]

ഋതുപ്രാപ്ത-വി. ഫലംവരുന്ന, ഫലമുള്ള.

ഋതുമതി-തീണ്ടായിരിക്കുന്നവൾ. ഋതുവുള്ളവൾ എന്നർത്ഥം. മറുപര്യായങ്ങൾ-രജസ്വല, സ്ത്രീധർമ്മിണി, അവി, ആത്രേയി, മലിനി, പുഷ്പവതി, ഉദക്യ.

ഋതുവേല-൧. മേടം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ൨. തീണ്ടായിരിക്കുന്ന സമയം.

ഋതുസമയം-ഋതുകാലം.

ഋതുസംഹാരം-കാളിദാസന്റെ ഒരുകൃതി ഋതുക്കളെ സംബന്ധിച്ചുള്ളതാണ്.

ഋതേ-അ. കൂടാതെ, ഒഴികെ.

ഋത്വിക്ക്-യാഗത്തിൽ ക്രിയചെയ്യുന്ന ആചാര്യൻ.

[ഋത്വിക്കുകൾ ൧൬. ൧. അഗ്നീദ്ധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈത്രാവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ൬. പ്രശാസ്താവ്. ൭. അദ്ധ്വര്യു. ൮. ഗ്രാവസ്തുത്ത്. ൯. ബ്രഹ്മൻ. ൧൦. പ്രതിഹർത്താവ്. ൧൧. സുബ്രഹ്മണ്യൻ. ൧൨. ഉൽഗാതാവ്. ൧൩. പ്രതിപ്രസ്ഥാതാവ്. ൧൪. നേഷ്ടാവ്. ൧൫. ഉന്നേതാവ്. ൧൬. അച്ഛാവാകൻ.]

'അഗ്നീദ്ധ്രോബ്രാഹ്മണാച്ഛംസി
മൈത്രാവരുണഏവ ച
ഹോതാപോതാപ്രശാസ്താരോ
ധ്വര്യുർഗ്രാവസ്തുതൗതഥാ
ബ്രഹ്മാഥപ്രതിഹർത്താസു-
ബ്രഹ്മണ്യോദ്ഗാതൃനാമകൌ
പ്രതിപ്രസ്ഥാതൃനേഷ്ടാരൌ
പുനരുന്നേതൃസംജ്ഞകഃ
അച്ഛാവാകശ്ചയേനിത്യം
യജമാനഹിതൈഷിണഃ'

ഋദ്ധ-വി. വർദ്ധിച്ച.

ഋദ്ധം-പൊലി, മെതിച്ചു വയ്ക്കോൽനീക്കി ചേറുവാൻ തയ്യാറാക്കിവെച്ച നെല്ല്.

ഋദ്ധി-൧. ഇരുത്തി. [ഇരുത്തി എന്ന ശബ്ദം നോക്കുക.] ൨. വർദ്ധന. ൩. പാർവ്വതി. ൪. സമ്പത്ത്. ൫. കുബേരന്റെ ഭാര്യ. ൬. ലക്ഷ്മി. ൭. ചെറുവിടാക്കാൽ.

ഋഭു-൧. നാലുകുമാരന്മാരിൽ ഒരുവൻ. നിദാഘനു (പുലസ്ത്യന്റെ പുത്രനു) ജ്ഞാനോപദേശംചെയ്തു. ഈ ഋഭുവിനു ബ്രഹ്മാവു വിഷ്ണുപുരാണം ഉപദേശിച്ചിട്ടുണ്ട്. ൨. ചിത്രമെഴുത്തുകാരൻ. ൩. കൊല്ലൻ. ൪. രഥകാരൻ.

ഋഭുക്കൾ-൧. ദേവന്മാർ. ഋ=ദേവക. ആദിയിൽ ഭവിച്ചവർ, സത്യത്തോടു പിറന്നവർ എന്നർത്ഥം. ൨. സുധന്വാവിന്റെ ഋഭു, വിഭ്വൻ, വാജൻ എന്ന മൂന്നു പുത്രന്മാർ.

[സുധന്വാവ് അംഗിരസ്സിന്റെ വംശജനാണ്. നന്മചെയ്തു ഹേതുവായിട്ടു അമാനുഷശക്തികളും ദിവ്യത്വവും ലഭിച്ചു. ഇവരത്രേ ഇന്ദ്രന്റെ കുതിരകളെയും അശ്വിനികളുടെ രഥത്തെയും ബൃഹസ്പതിയുടെ വിശേഷപ്പെട്ട പശുവിനെയും നിർമ്മിച്ചത്. ഇവർ വൃദ്ധരായ മാതാപിതാക്കന്മാർക്ക് യൌവ്വനം നൽകി. പ

ഷ്ടിയുടെ ഒരു പാത്രത്തിൽനിന്നു് നാലു പാത്രങ്ങൾ ഉണ്ടാക്കി.]

ഋഭു-വി. ബുദ്ധിശക്തിയുള്ള, സാമൎത്ഥ്യമുള്ള.

ഋഭുക്ഷൻ-ഇന്ദ്രൻ.

ഋഭുക്ഷാ-ശിവന്റെ വജ്രം.

ഋഭുക്ഷാവ്-ദേവേന്ദ്രൻ. ദേവകളെ ചൊല്ലിനടത്തുന്നവൻ എന്നൎത്ഥം. ദേവകൾ സമീപത്തിലുള്ളവൻ എന്നും പറയാം. ഋഭുക്ഷി എന്നുമാകാം.

ഋല്ലകൻ-വാദ്യക്കാരൻ.

ഋല്ലരി-ഒരു വാദ്യം.

ഋശ്യകേതനൻ, ഋശ്യകേതു-൧. അനിരുദ്ധൻ, പ്രദ്യുമ്നന്റെ പുത്രൻ. ൨. കാമദേവൻ.

ഋശ്യഗന്ധം-ആനക്കുറുന്തോട്ടി.

ഋശ്യഗന്ധാ-മറിക്കുന്നി. [ഋക്ഷഗന്ധശബ്ദം നോക്കുക].

ഋശ്യദം-മരമാനിനെ പിടിക്കുന്ന കുഴി.

ഋശ്യ(ഷ്യ)പ്രോക്താ-൧. നായ്ക്കുരണ. ഋഷികളാൽ പറയപ്പെട്ടതു്, ഇതിന്റെ പൊടി പററി ചൊറിപൊറുപ്പാൻ വയ്യാതെ ഉഴലുന്ന മൃഗങ്ങളെക്കാണുമ്പോൾ ആ ദിക്കിൽ നായ്ക്കുരണ ഉണ്ടെന്നു നമുക്കറിയാവുന്നതുകൊണ്ടു ഈ പേരുണ്ടായി. ൨. ശതാവരി. വ്യാഘ്രവിരോധിയാകകൊണ്ടു മൃഗങ്ങൾ ആശ്രയിക്ക ഹേതുവായിട്ടു് ഈ പേരു സിദ്ധിച്ചു. ൩. ആനക്കുറുന്തോട്ടി.

ഋശ്യം-മരമാൻ. ഗമനശീലം എന്നൎത്ഥം.

ഋശ്യമൂകം-ഒരു പൎവ്വതം.

ഋശ്യശൃംഗൻ-ഒരു ഋഷി.

ഋഷഭധ്വജൻ-ശിവൻ.

ഋഷഭൻ-൧. നാഭിയുടെയും മേരുദേവിയുടെയും പുത്രൻ.

[ഇദ്ദേഹത്തിനു നൂറു പുത്രന്മാരുണ്ടായിരുന്നു. അവരിൽ മൂത്തവൻ ഭരതൻ. രാജ്യം ഭരതനെ ഏൽപ്പിച്ചു് വനത്തിൽ ചെന്നു തപസ്സുചെയ്തു].

൨. ശ്രേഷ്ഠൻ. ഋഷഭൻ എന്നതു് ഒരു പദത്തിന്റെ പിന്നാലെ ചേരുമ്പോൾ ഈ അൎത്ഥം ഉണ്ടാകുന്നു. ഉ-ം, മനുജൎഷഭൻ =മനുജശ്രേഷ്ഠൻ. ൩. വിഷ്ണുവിന്റെ ഒരവതാരം.

ഋഷഭം-൧. കാള. ഓടുന്നതു് എന്നൎത്ഥം. ൨. ഇടവകം (ഇടമ്പിരി). രോഗത്തെ പിന്തുടൎന്നു ചെല്ലുന്നതു് എന്നൎത്ഥം. ൩. സപ്തസ്വരങ്ങളിൽ രണ്ടാമത്തേതു്. ഹൃദയത്തെ (മനസ്സിനെ)പ്രവേശിക്കുന്നതു്, കാളയുടെ ശബ്ദത്തിനു തുല്യമായതു്, പശുക്കളുടെ കൂട്ടത്തിൽ ഋഷഭം (കാള) എന്നതുപോലെ മററു സ്വരങ്ങളുടെ ഇടയിൽ ശോഭിക്കുന്നതു് എന്നിങ്ങനെ ശബ്ദാൎത്ഥം. ൪. ഇടവംരാശി.

ഋഷി-൧. മഹൎഷി. ൨. വേദം.

ഋഷികൾ-മഹൎഷി ദേവൎഷി ബ്രഹ്മൎഷി തുടങ്ങിയ ഭേദഭിന്നന്മാരായ ഋഷികൾ. ജ്ഞാനത്തിന്റെ മറുകരയിലെത്തിയവർ. ൨. ജ്ഞാനികൾ.

[ഗൗതമൻ, ഭരദ്വാജൻ, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, നാരദൻ, കശ്യപൻ, അത്രി, മരീചി, അംഗിരസ്സ്, പുലഹൻ, ക്രതു, പുലസ്ത്യൻ, വസിഷ്ഠൻ, ഭൃഗു, വാല്മീകി, വ്യാസൻ, വിഭണ്ഡകൻ മുതലായി അനേകം മഹൎഷികളുണ്ടു്. (സപ്തൎഷികളെ അറിയുന്നതിനു 'സപ്തൎഷികൾ' എന്ന പദം നോക്കുക.) വിശ്വാമിത്രഗോത്രക്കാരും വസിഷ്ഠഗോത്രക്കാരും വൈദികഋഷിഗോത്രക്കാരിൽ പ്രധാനികളായിരുന്നു. ഇവർ പരസ്പരം കലഹിക്കയും ശപിക്കയും പതിവുണ്ടായിരുന്നു. വസിഷ്ഠൻ ബ്രാഹ്മണനെന്നും വിശ്വാമിത്രൻ ക്ഷത്രിയനെന്നും പുരാണം തെളിയിക്കുന്നു. ഇപ്പോൾ

ബ്രാഹ്മണർ ജപിക്കുന്ന ഗായത്രി മുതലായ ചില മന്ത്രങ്ങൾ വിശ്വാമിത്രൻ ഉണ്ടാക്കിയവയാകുന്നു. ജമദഗ്നിയുടെ പേർ ഋഗ്വേദത്തിൽ കാണുന്നു. പരശുരാമന്റെ പേർ കാണുന്നില്ല. ഭൃഗു, കണ്വൻ, ഭരദ്വാജൻ, അംഗിരസ്സ് മുതലായവർ വൈദികഋഷികളാണ്. ഇവരും വേദത്തെ എഴുതീട്ടുണ്ട്. ഇക്കാലത്തെ ഗ്രന്ഥകാരന്മാർ ഋഷികളെ ദേവർഷികളെന്നും ബ്രഹ്മർഷികളെന്നും രാജർഷികളെന്നും തരംതിരിച്ചിരിക്കുന്നു. വൈദികകാലത്തുള്ള ഋഷികൾ ഇവയിൽ മൂന്നിലും ചേർന്നുകാണുന്നില്ല].

ഋഷികല്യാ–സ്ത്രീ. പരിശുദ്ധനദി. ഉ. മഹാനദിയുടെ പേർ,

ഋഷിഗിരി–മഗധരാജ്യത്തിലെ ഒരു പർവ്വതത്തിന്റെ പേർ.

ഋഷിജാംഗലാ, ഋഷിജാംഗലികാ–മറിക്കുന്നി.

ഋഷിപഞ്ചമി–സ്ത്രീകൾക്കുള്ള ഒരു വിശേഷദിവസം.

[ഇതു ഭാദ്രപദത്തിന്റെ ശുക്ലപഞ്ചമിദിവസം സ്ത്രീകൾ രജോദോഷപ്രായശ്ചിത്താർത്ഥം ആചരിക്കപ്പെടുന്ന ഒരു വ്രതം]

ഋഷിപത്നി–ഋഷിയുടെ ഭാര്യ.

ഋഷിപ്രോക്ത–വി. ഋഷിമാരാൽ പറയപ്പെട്ട.

ഋഷിവാടം–മഹർഷിമാരുടെകുടിയിരിപ്പ്.

ഋഷ്ടി–വാൾ.

ഋഷ്യം–മരമാൻ, [ഋശ്യം എന്നതിന്റെ പാഠം].

ഋഷ്യകേതു–[ഋശ്യകേതനൻ എന്നശബ്ദം നോക്കുക].

ഋഷ്യഗന്ധാ–മറിക്കുന്നി.

ഋഷ്യപ്രോക്താ–സ്ത്രീ. നായ്ക്കുരണ. ഉ. ശതാവരി. [ഋശ്യപ്രോക്താ എന്നു നോക്കുക]

ഋഷ്യമൂകം–ഒരു പർവ്വതം.

[ഇതു പമ്പാതീരത്തിലാണ്. ഇവിടെ വച്ചാണ് രാമസുഗ്രീവന്മാർ അന്യോന്യം അവരവരുടെ കാര്യലാഭത്തിനായ് മൈത്ര്യത്തെ പ്രാപിച്ചതും മറ്റും]

ഋഷ്യശൃംഗൻ–ഒരു ഋഷി.

[വിഭാണ്ഡകന്റെ പുത്രൻ. അതിനാൽ വൈഭാണ്ഡകൻ എന്നും വിളിക്കാറുണ്ട്. ഇദ്ദേഹം ഒരു മാനിന്റെ കുട്ടിയായിരുന്നു. നെററിയിൽ ഒരു കൊമ്പുണ്ടായിരുന്നതിനാലാണ് ഋശ്യശൃംഗൻ എന്നു വിളിക്കാനിടയായത്. വനത്തിൽ ഇദ്ദേഹം പിതാവിനാൽ വളർത്തപ്പെട്ടു. പുരുഷത്വം പ്രാപിക്കുന്നതുവരെ മനുഷ്യരെ കണ്ടിട്ടില്ല. അംഗരാജ്യത്തിൽ വളരെക്കാലം മഴയില്ലാതിരുന്നതുനിമിത്തം അവിടത്തെ രാജാവായ ലോമപാദൻ ചില ബ്രാഹ്മണരുമായി ആലോചിച്ച് ഏതാനും യുവതികളെ അയച്ച് ഇദ്ദേഹത്തെ വശീകരിച്ചുകൊണ്ടുവന്നു ശാന്തയെ ഭാര്യയാക്കി നൽകി. ശാന്ത ലോമപാദന്റെ ദത്തുപുത്രിയും ദശരഥന്റെ പുത്രിയും ആയിരുന്നു. അനന്തരം ഋശ്യശൃംഗൻ സന്തോഷിച്ചു മഴപെയ്യിച്ചു. ദശരഥനു പുത്രലാഭാർത്ഥം പുത്രകാമേഷ്ടി ചെയ്തതു ഈ ഋശ്യശൃംഗനാണത്രേ.]

# ൠ

ൠ—അ. പ്ര. ഭാഷ. ഉ. ദ്യോ. സ. ആക്ഷേപം. ദ്. കരുണ (ദീർഘമായ ഋ മൂർദ്ധന്യം)

ൠ. പു. ഭൈരവൻ. ഉ. ഒരു ദാനവൻ.

ൠകാരം–ൠ എന്നുള്ള അക്ഷരം.

# ഌ

**ഌ**—൧. ഭൂമി. ൨. പർവ്വതം. ൩. ദേവി. ൪. സ്ത്രീസ്വഭാവം. (മന്ത്യസ്വരം).

ഌകാരം—ഌ എന്ന അക്ഷരം.

# ൡ

**ൡ**—൧. അമ്മ. ൨. ദിവ്യസ്ത്രീ. ൩. ശിവൻ. ദീർഘമായ മന്ത്യം. [ഋ, ൠ ഌ ൡ സ്വരങ്ങൾ ആദിയായിട്ടുള്ള ശബ്ദങ്ങൾ അപൂർവ്വം.]

# എ

**എ**—ഒരു സ്വരാക്ഷരം. (ഹ്രസ്വസ്വരം.) ഇതു് ഒരു കണ്ഠതാലവ്യം. ഈ സ്വരത്തിനു സംസ്കൃതത്തിൽ ഹ്രസ്വാന്തമായ പാഠമില്ല.

[എ എന്നതു 'ഇ' 'ഉ' എന്നിങ്ങനെ മാറിക്കാണാറുണ്ടു്. ഉ-ം, ഇറവു് ഉറവു ചിലപ്പോൾ 'അ' എന്നുമാകാം. എന 'അനേ'.

എ:—൧ വിഷ്ണു. ൨. ഓർമ്മ. ൩. അസൂയ. ൪. കരുണ. ൫. വിളി. ൬ നിന്ദ, ആക്ഷേപം.

എകറു—പല്ലു്, തേറ്റ (പ്രചാരലുപ്തം).

എകിറു—൧. പല്ലു്, ദംഷ്ട്ര

'കഠിനവജ്രസമോടെകിറുമ
ജിനസമന്നമാനനവുമുള്ളതും'
(പാതാളരാമായണം)

൨. തേറ്റ. ൩. ചിറകു്.

എക്കം—൧ എക്കൽ. ൨. കൃഷ്ണമധുരയിൽ വാഹനങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ഒരു കുതിര.

എക്കച്ചക്കം—വഴക്കു്.

എക്കം—൧. തക്കം. ൨. അന്നനാളുവില. ൩. വിലക്കുവാങ്ങുന്നതിനുതക്ക സമയം.

എക്കൽ—൧. ഒഴുക്കുകൊണ്ടുണ്ടാകുന്ന വളം. ൨. എക്കിവലിയുക ൩. വയറൊട്ടിക്ക

എക്കളിക്ക, എക്കിളിക്ക—എക്കിവലിയുക, എക്കുക.

എക്കിട്ട, എക്കിൾ, ഇക്കിൾ—ഒരു ശ്വാസവികൃതി. സംസ്കൃതത്തിൽ 'ഹിക്ക'

എക്കുക—൧. എക്കിളിക്കുക. ൨. എക്കി വലിയുക.

എങ്കിൽ, എങ്കിലും—അ. സംശയത്തിങ്കൽ പ്രയോഗം.

എങ്ങൾ—ഞങ്ങൾ (നീചഭാഷ) ഞങ്ങൾ എന്നതു് ഉത്തമം. ഞാനും മററുള്ളവരും എന്നർത്ഥം.

എങ്ങാണ്ടു—അ. എവിടെയോ.

എങ്ങാനും—അ. വല്ലേടത്തും.

എങ്ങിനത്തെ—വി. ഏതുപ്രകാരമുള്ള.

എങ്ങിനെ—അ. ഏതുപ്രകാരം.

എങ്ങിനെഎങ്കിലും—അ. വല്ല പ്രകാരവും.

എങ്ങിനെയും—അ. ഏതുപ്രകാരവും.

എങ്ങിനെയുള്ള—അ. ഏതുപ്രകാരമുള്ള.

എങ്ങു്—അ. എവിടെ.

എങ്ങുനിന്നു, എങ്ങുന്നു—എവിടെനിന്നു.

എങ്ങും—അ. എവിടെയും, ഒരിടത്തും.

എങ്ങേനും—എങ്ങാനും, എവിടെയെങ്കിലും (പഴയ മലയാളം).

'എങ്ങേനും മണ്ടിനാൻ'
(കൃഷ്ണഗാഥ)

എങ്ങോട്ടു—എവിടേയ്ക്കു്.

എങ്ങോൻ—അ. അവൻ എവിടെ (എങ്ങു അവൻ).

എച്ചം—൧. മനുഷ്യരുടെ മലം. (പ്രധാനമായി ചിലന്തി, പല്ലി ഇവയുടേതാണ്) ൨. ഈച്ചയുടെ മലം.